30 (2721) ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി ഒപ്പുവച്ച കരാർ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽപാലസിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സേപ്സ് തിയേറ്ററിന്റെ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി കരാർ ഒപ്പുവച്ചത് എന്നാണ്;

(ബി) പ്രസ്തുത കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഗോട്ടോ കമ്പനി ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം ആണ്;

(ഡി) ഇതിൽ ഏതെല്ലാം കാര്യങ്ങളാണ് ആദ്യത്തെ ഓഫറിൽനിന്നും വ്യത്യസ്തമായിട്ടുള്ളത്;

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി എഴുതിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എഫ്) ഈ പ്രോജക്ടിനായി സംസ്ഥാന സർക്കാർ 1996-97, 1997-98, 1998-99, 1999-2000 വർഷങ്ങളിൽ നീക്കിവച്ച തുക എത്രയാണ്;

(ജി) ഹിൽ പാലസിലെ സന്ദർശകർക്കായി നിർമ്മിച്ച 16 എം.എം. ഛായാചിത്രത്തിന് നിർമ്മാതാവിന് 50,000 രൂപ നൽകുന്നതിന് സൊസൈറ്റി തീരുമാനിക്കാനുണ്ടായ കാരണമെന്താണ്;

(എച്ച്) ഏതു തീയതിയിൽ നടന്ന യോഗത്തിലാണ് ഈ തീരുമാനം എടുത്തത് എന്നും പ്രസ്തുത യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഐ) യോഗത്തിൽ പങ്കെടുത്ത ആരെങ്കിലും ഈ തീരുമാനത്തിന്മേൽ വിയോജനക്കുറിപ്പ് എഴുതിയിട്ടുണ്ടോ?

ഉത്തരം

(എ) 19.10.1994 ൽ

(ബി) കരാറിന്റെ കോപ്പി അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി)&(ഡി)കമ്പനി സമർപ്പിച്ച ഓഫർ പരിശോധിക്കുന്നതേയുള്ളൂ.

(ഇ) ഇതുസംബന്ധിച്ച കത്തിടപാടുകൾ കേന്ദ്രഗവൺമെന്റുമായി നടത്തിവരുന്നു.

(എഫ്) തുകയൊന്നും നീക്കിവച്ചിട്ടില്ല.

(ജി),(എച്ച്)&(ഐ) വിവരം ശേഖരിച്ചുവരുന്നു.

31 (2722) സാംസ്കാരിക നായകന്മാരെ ആദരിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly